**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2370** **12-02-2024 - ൽ മറുപടിയ്ക്ക്**

**സബ്സിഡി ഉല്പന്നങ്ങൾക്ക് ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയ്ക്ക് റേഷൻ വിഹിതം, വിപണി ഇടപെടൽ, നെല്ലുസംഭരണത്തിനുള്ള സംസ്ഥാന പ്രോത്സാഹന ബോണസ് എന്നിവയ്ക്കായി ഓരോ വർഷവും എന്തു തുക വീതമാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്; 2021–22, 2022–23, 2023–24 സാമ്പത്തിക വർഷങ്ങളിലായി എത്ര രൂപയാണ് ഇതിനായി അനുവദിച്ചത്; എത്ര തുക കുടിശ്ശികയായി ലഭിക്കാനുണ്ട്; വിശദമാക്കാമോ; | (എ) | വിവിധ സർക്കാർ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തുന്ന തുകയാണ് ഓരോ വർഷവും സപ്ലൈകോയ്ക്ക് അനുവദിക്കുന്നത്. വിപണിയിടപെടൽ, നെല്ലുസംഭരണത്തിനുള്ള സംസ്ഥാന പ്രോത്സാഹന ബോണസ്, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, എന്നിവയ്ക്കായി **2021-22** വർഷം മുതൽ **2023-24** വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഓരോ വർഷവും സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ച തുകയുടെയും കുടിശ്ശികയുടെയും വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിൽക്കുന്ന 13 ഉല്പന്നങ്ങൾക്ക് മാത്രമായി എത്ര തുകയാണ് ഒരു വർഷം സർക്കാർ ചെലവഴിക്കുന്നത്; ഈ തുക പൂർണ്ണമായി സർക്കാർ തന്നെയാണോ നൽകുന്നത്; സപ്ലൈകോയുടെ ലാഭത്തിൽ നിന്നുള്ള വിഹിതവും ഇതിന് ചെലവഴിക്കുന്നുണ്ടോ; 2021–22, 2022–23 സാമ്പത്തിക വർഷങ്ങളിലും 2023–24 സാമ്പത്തിക വർഷത്തിൽ 2023 ഡിസംബർ 31 വരെയും എത്ര തുകയാണ് ഇതിനായി സംസ്ഥാന സർക്കാരും സപ്ലൈകോയും വെവ്വേറെ ചെലവാക്കിയത്; വിശദമാക്കാമോ; | (ബി) | സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിൽക്കുന്ന 13 ഇനം അവശ്യ സാധനങ്ങൾക്ക് മാത്രമായി 2021–22 മുതൽ ഒരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെയും, ഈയിനത്തിൽ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.<br><br>നിലവിൽ സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് ആകെ ചെലവായ തുകയിൽ നിന്ന് വിറ്റുവരവ് കുറവ് ചെയ്ത ശേഷം കണക്കാക്കുന്ന നഷ്ടത്തിൽ നിന്ന് സർക്കാർ ഗ്രാൻഡ് കുറവുചെയ്ത ശേഷം സപ്ലൈകോയ്ക്ക് വരുന്ന നഷ്ടത്തിന്റെ ഒരു ഭാഗം സപ്ലൈകോയുടെ വിവിധങ്ങളായ മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ഉണ്ടാകുന്ന ലാഭത്തിൽ നിന്നും വഹിച്ചു വരുന്നു. |
| (സി) | സപ്ലൈകോയിലൂടെ വിൽക്കുന്ന 13 ഇനം സബ്സിഡി ഉല്പന്നങ്ങളുടെ വില വർധിപ്പിക്കുന്നത് ഉൾപ്പെടെ വിവിധ കാര്യങ്ങളിൽ ശിപാർശ നൽകാൻ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നോ; ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് | (സി) | കേരള സർക്കാർ 24-11-2023 ലെ സ.ഉ. (സാധാ) നം. 473-2023-F&CS ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ. രവിരാമൻ അധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & |

| | | | |
|---|---|---|---|
| | പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിരുന്നോ; രണ്ടു റിപ്പോർട്ടുകളും പൂർണ രൂപത്തിൽ ലഭ്യമാക്കാമോ; | | മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ശിപാർശകൾ സമർപ്പിക്കാൻ ടി സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. കൂടാതെ സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും കമ്മിറ്റിയോട് ആവശ്യപ്പെട്ടു. സമിതി വിശദമായ ചർച്ചകൾ നടത്തുകയും നിർദ്ദിഷ്ട മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങിയ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | സപ്ലൈകോയിലൂടെ റേഷൻ കാർഡ് ഉടമകൾക്ക് 13 ഇന സബ്സിഡി ഉല്പന്നങ്ങൾ നൽകുന്നതിന് ആധാർ അധിഷ്ഠിത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏതു യോഗത്തിലാണ് ഈ തീരുമാനമെടുത്തത്? യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കാമോ; സപ്ലൈകോയിൽ റേഷൻ കടകളിലേതിനു സമാനമായി ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ടെൻഡർ നടപടികൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സപ്ലൈകോയിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് ജീവനക്കാർ ഉൾപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് 2021 മുതൽ ഇതു വരെ എത്ര അന്വേഷണങ്ങളാണ് നടത്തിയത്; എത്ര ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (ഇ) | ഉണ്ട്. സപ്ലൈകോ വിജിലൻസ് വിഭാഗം 2021 ഒക്ടോബർ മാസത്തെ വാർഷിക സ്റ്റോക്കെടുപ്പിനോടനുബന്ധിച്ച് നടത്തിയ പരിശോധനയിൽ, സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 200 ഔട്ട് ലറ്റുകളിലെ 142 ജീവനക്കാർക്ക് (OIC) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബന്ധപ്പെട്ട OIC മാരിൽ നിന്ന് ക്രമക്കേടിൽ കണ്ടെത്തിയ തുക FSSR (Free Sale Selling Rate) നിരക്കിൽ സപ്ലൈകോ അക്കൗണ്ടിൽ അടവാക്കിപ്പിച്ചിട്ടുള്ളതും, തുക അടയ്ക്കാതിരുന്ന OIC മാർക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (എഫ്) | സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വിൽപ്പനയിൽ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് നടത്തിയ തട്ടിപ്പുകൾ | (എഫ്) | (ഇ) പിരിവിൽ കാണാവുന്നതാണ്. |

| | | | |
|---|---|---|---|
| | സംബന്ധിച്ച് സപ്ലൈകോ വിജിലൻസ് വിഭാഗമോ സംസ്ഥാന പൊലീസിന്റെ വിജിലൻസ് വിഭാഗമോ ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ മറ്റ് ഏതെങ്കിലും വിഭാഗമോ റിപ്പോർട്ടുകളും ശിപാർശകളും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| വിപണിയിടപെടൽ | | | |
|---|---|---|---|
| | **ബജറ്റിൽ വകയിരുത്തിയ തുക** | **ചെലവഴിച്ച തുക** | **അനുവദിച്ച തുക** |
| 2021-22 | 150.00 | 270.68 | 75.00 |
| 2022-23 | 180.00 | 585.97 | |
| 2023-24 (2023 ഓഗസ്റ്റ് വരെയുള്ള ക്ലെയിം) | 190.80 | 237.90 | 157.63 |
| **Total** | **520.80** | **1,094.55** | **232.63** |
| ***ആകെ കടിശിക (മുൻ വർഷങ്ങൾ ഉൾപ്പെടെ)*** | | | **1507.71** |

| നെല്ല് സംഭരണം – സംസ്ഥാന പ്രോത്സാഹന ബോണസ് | | | |
|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | അനുവദിച്ച തുക |
| 2021-22 | 525.00 | 654.91 | 759.87 |
| 2022-23 | 577.50 | 685.54 | 274.36 |
| 2023-24 (2023 നവംബർ വരെയുള്ള ക്ലെയിം) | 577.50 | 351.26 | *380.00 |
| **Total** | **1,680.00** | **1,691.71** | **1,034.23** |
| ***ആകെ കടിശിക (മുൻ വർഷങ്ങൾ ഉൾപ്പെടെ)*** | | | **677.26** |

*2023-24 സാമ്പത്തികവർഷത്തിൽ സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 380 കോടി രൂപ അനുവദിച്ചെങ്കിലും ഇതിൽ 150 കോടി രൂപ ട്രഷറിയിൽ നിന്നും വിട്ടു കിട്ടിയിട്ടില്ല*

| NFSA-വാതിൽപ്പടി വിതരണം | | | |
|---|---|---|---|
| | **ബജറ്റിൽ വകയിരുത്തിയ തുക** | **ചെലവഴിച്ച തുക** | **അനുവദിച്ച തുക** |
| 2021-22 | 241.27 | 271.50 | 220.77 |
| 2022-23 | 265.40 | 252.49 | 84.78 |
| 2023-24( 2023 ഡിസംബർ വരെയുള്ള ക്ലെയിം) | 291.94 | 186.96 | 271.52 |
| **Total** | **798.61** | **710.95** | **577.07** |
| ***ആകെ കടിശിക (മുൻ വർഷങ്ങൾ ഉൾപ്പെടെ)*** | | | **281.13** |

*2023-24 സാമ്പത്തികവർഷത്തിൽ വാതിൽപ്പടി വിതരണം ഇനത്തിൽ 271.52 കോടി രൂപ അനുവദിച്ചെങ്കിലും ഇതിൽ 85.6436 കോടി രൂപ ട്രഷറിയിൽ നിന്നും വിട്ടു കിട്ടിയിട്ടില്ല*

<u>**അനുബന്ധം II**</u>

| സാമ്പത്തിക വർഷം | 13 ഇനം സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് സപ്ലൈകോയ്ക്ക് ചെലവായ തുക (കോടി രൂപ) | 13 ഇനം സബ്സിഡി സാധനങ്ങളുടെ വിറ്റുവരവ് (കോടി രൂപ) | ആകെ നഷ്ടം (കോടി രൂപ) | സർക്കാർ ഗ്രാൻറായി നൽകിയ തുക (കോടി രൂപ) | 13 ഇനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നത് മൂലം സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം (കോടി രൂപ) |
|---|---|---|---|---|---|
| 2021-22 | 796.84 | 526.16 | 270.68 | 75.00 | 195.68 |
| 2022-23 | 1427.20 | 841.23 | 585.97 | 0.00 | 585.97 |
| 2023-24 (ഏപ്രിൽ മുതൽ ആഗസ്റ്റ് 2023 വരെ ) | 565.14 | 327.24 | 237.90 | 140.00 | 97.90 |
| **ആകെ** | **2789.18** | **1694.63** | **1094.55** | **215.00** | **879.55** |